# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3484 15.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്റ്റാഫ് നഴ്സുമാർക്ക് പ്രസവ അവധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. മുഖേന നിയമിതരാവുകയും പിന്നീട് ആർ.എസ്.ബി.വൈ സ്കീമിൽ ഉൾപ്പെടുത്തി സ്റ്റാഫ് നഴ്സുമാരായി സേവനം അനുഷ്ഠിച്ചും വരുന്നവർക്ക് ശമ്പളത്തോട് കൂടി പ്രസവ അവധി നൽകുവാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ എത്ര ദിവസമാണ് ഇപ്രകാരം അവധി നൽകുന്നത് ; | (എ) ഒരു വർഷത്തിലധികം തുടർച്ചയായി സർവ്വീസുള്ള താൽക്കാലിക വനിതാ വിഭാഗം ജീവനക്കാർക്ക് അവധിക്കാലത്തേക്ക് തുടരുന്നതിന് ഒഴിവുള്ള പക്ഷം കേരള സർവ്വീസ് റൂൾ 100, 101 പ്രകാരം പ്രസവാവധിക്ക് അർഹരായിരിക്കും. എന്നാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആർ.എസ്.ബി.വൈ എന്നിവയുടെ കീഴിൽ നിയമിക്കുന്ന വനിതാ വിഭാഗം ജീവനക്കാരെ ആറ് മാസത്തേക്കാണ് സാധാരണയായി നിയമിക്കാറുള്ളത്. ആയതിനാൽ പ്രസ്തുത ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ പ്രസവാവധി അനുവദിച്ചിട്ടില്ല. |
| (ബി) പ്രസവ അവധി ഇവർക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് നൽകുമോ ; | (ബി) ബാധകമല്ല. |
| (സി) ഒരു വർഷത്തിലധികം സർവ്വീസുള്ളതും ഇപ്പോൾ സേവനത്തിൽ തുടരുന്നതുമായ ഇവർക്ക് ശമ്പളത്തോട് കൂടി പ്രസവ അവധി നൽകുന്നതിനു ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (സി) ഒരു വർഷത്തിലധികം തുടർച്ചയായി സർവ്വീസുള്ളതും ഇപ്പോൾ സേവനത്തിൽ തുടരുന്നതുമായ വനിതാ വിഭാഗം ജീവനക്കാർ കേരള സർവ്വീസ് റൂൾ 100, 101 പ്രകാരം പ്രസവാവധിക്ക് ഇപ്പോൾ തന്നെ അർഹരാണ്. |

സെക്ഷൻ ഓഫീസർ